(സി) പീഡിത കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി സർക്കാർ 2001-02 വർഷത്തിൽ 39.44 ലക്ഷം രൂപയും 2002-03 വർഷത്തിൽ 20 ലക്ഷം രൂപയും 2003-04 വർഷത്തിൽ 50 ലക്ഷം രൂപയും 2004-05 വർഷത്തിൽ 75 ലക്ഷം രൂപയും ആയി ആകെ 184.44 ലക്ഷം രൂപ ചെലവിട്ടിട്ടുണ്ട്.

വടകര താലൂക്കിലെ തൊണ്ട് സംഭരണം

82 [1201] ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകര താലൂക്കിൽ നാളികേര കർഷകരിൽ നിന്നും തൊണ്ട് വാങ്ങുന്നതിന് ഏതെങ്കിലും സൊസൈറ്റികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഏതെങ്കിലും കയർ സംഘങ്ങളെയോ സഹകരണ സ്ഥാപനങ്ങളെയോ തൊണ്ട് വാങ്ങുന്നതിന് ചുമതലപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) കുടുംബശ്രീ യൂണിറ്റുകൾക്ക് വ്യാപകമായി തൊണ്ട് ശേഖരിക്കണമെന്ന് 4-2-2005-ൽ കയർ മേഖലയുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുവാൻ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. തൊണ്ട് സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കയർ പ്രോജക്ടാഫീസർമാരുടെ കീഴിൽ കയർ സഹകരണസംഘം പ്രതിനിധികളേയും ജില്ലാ പഞ്ചായത്ത് പ്രതിനിധികളേയും കയർ തൊഴിലാളി പ്രതിനിധികളേയും കയർ ബോർഡ് പ്രതിനിധികളേയും കുടുംബശ്രീ പ്രതിനിധികളേയും അംഗങ്ങളാക്കി ഉപദേശകസമിതി രൂപീകരിക്കുന്നതാണ്.

ചകിരി ലഭ്യമാക്കാൻ നടപടി

83 [1203] ശ്രീ. ജോർജ് ജെ. മാത്യു :

,, ടി. യു. രാധാകൃഷ്ണൻ :

,, വി. ഡി. സതീശൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യന്ത്രവൽകൃത റാട്ടുകൾ വിതരണം ചെയ്യുമ്പോൾ ചകിരിയുടെ ആവശ്യം എത്ര കണ്ട് വർദ്ധിക്കും ;

(ബി) ഇത്രയും ചകിരി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ വർഷം 6000 റാട്ടുകൾ വിതരണം ചെയ്യുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഒരു റാട്ടിന് ഒരു ദിവസത്തേയ്ക്ക് 8 കിലോഗ്രാം ചകിരി എന്ന കണക്കിൽ പ്രതിദിനം 48000 കിലോഗ്രാം ചകിരിയുടെ ആവശ്യം വർദ്ധിക്കുമെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) കർണ്ണാടകത്തിൽ നിന്നും ലക്ഷദ്വീപിൽ നിന്നും യഥാക്രമം കയർഫെഡ്, കയർ കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾ വഴി ചകിരി സംസ്ഥാനത്ത് വിതരണം ചെയ്തുവരുന്നുണ്ട്. കൂടാതെ റാമെറ്റീരിയൽ ബാങ്ക് സ്ഥാപിക്കുന്നതിന് കയർഫെഡിന് 200 ലക്ഷം രൂപയും കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന് 50 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. ചകിരി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടിയും എടുത്തുവരുന്നു. സഹകരണ മേഖലയിൽ ഐ.സി.ഡി.പി. പ്രകാരം സ്ഥാപിച്ച എല്ലാ യന്ത്രവൽകൃത ചകിരി മില്ലുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടി എടുത്തുവരുന്നു. സ്വകാര്യ മേഖലയിൽ യന്ത്രവൽകൃത ചകിരി മില്ലുകൾ സ്ഥാപിക്കുന്ന യൂണിറ്റുകൾക്ക് അവയുടെ സ്ഥിര മൂലധന നിക്ഷേപത്തിന്റെ 50 ശതമാനം പരമാവധി 10 ലക്ഷം രൂപ വരെ പ്രത്യേക സബ്സിഡിയായി നൽകിവരുന്നു. ചകിരിയുൽപാദനത്തിന്റെ വർദ്ധനവ് ലക്ഷ്യമിട്ട്, കുടുംബശ്രീ യൂണിറ്റുകൾ തൊണ്ട് ശേഖരിക്കാൻ 4-2-2005-ൽ മുഖ്യമന്ത്രി വിളിച്ചുകൂട്ടിയ യോഗത്തിൽ തീരുമാനമായിട്ടുണ്ട്. തൊണ്ട് സംഭരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടി കയർ പ്രോജക്ട് ആഫീസർമാരുടെ കീഴിൽ കയർ സഹകരണ സംഘം പ്രതിനിധികളേയും ജില്ലാ പഞ്ചായത്തു പ്രതിനിധികളേയും കയർ തൊഴിലാളി പ്രതിനിധികളേയും കയർ ബോർഡ് പ്രതിനിധികളേയും അംഗങ്ങളാക്കി ഉപദേശക സമിതി രൂപീകരിക്കുന്നതാണ്. ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുമ്പോഴുണ്ടാകുന്ന ചകിരിച്ചോറുമൂലമുള്ള പരിസ്ഥിതിപ്രശ്നം പരിഹരിക്കുന്നതിന് 30 ശതമാനം സബ്സിഡി നൽകുന്നതിനുള്ള ഒരു പദ്ധതിയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

ചകിരിയുൽപാദനം വർദ്ധിപ്പിക്കുന്നതിനായി ഡീഫൈബറിംഗ് യൂണിറ്റുകൾ

84 [1204] ശ്രീമതി മേഴ്സി രവി :

ശ്രീ. എം. പി. ഗംഗാധരൻ :

,, ജോർജ് ജെ. മാത്യു :

,, എം. മുരളി :

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ചകിരിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി കൂടുതൽ ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ എത്രയെണ്ണം സ്ഥാപിക്കാനാണുദ്ദേശിക്കുന്നത് ;

(സി) അവ എവിടെയെല്ലാമാണ് സ്ഥാപിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly